# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1492 — 15/02/2016-ൽ മറുപടിയ്ക്ക്

### ആലപ്പുഴ നഗരസഭാ സ്റ്റേഡിയം കോംപ്ലക്സിലെ മുറികൾ

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ നഗരസഭാ സ്റ്റേഡിയം കോംപ്ലക്സിൽ മുറികൾ ആവശ്യപ്പെട്ട് "തീരം ടൂറിസം സഹകരണ സംഘം , ആലപ്പുഴ" അപേക്ഷ നൽകിയിരുന്നോ;<br>എങ്കിൽ അപേക്ഷ നൽകിയ തീയതി എന്നാണ്; അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 08.11.2014-ൽ നൽകിയിരുന്നു. അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കി നൽകുന്നതാണ്. |
| ബി) | പ്രസ്തുത അപേക്ഷ ഏതു നഗരസഭാ കൗൺസിലാണ് പരിഗണിച്ചത്; കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) യും (സി) യും (ഡി) യും | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | മുറി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘത്തിന് വാടക അഡ്വാൻസ് അടക്കുന്നതിന് കത്തു നൽകിയിരുന്നോ; അതനുസരിച്ച് സംഘം തുക നഗരസഭയിൽ അടച്ചത് എന്നാണെന്നും എത്ര തുകയാണെന്നും അറിയിക്കുമോ; | | |
| (ഡി) | അനുവദിക്കപ്പെട്ട മുറി ഏതാണ്; ഇതിന് വൈദ്യുത കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ; | | |
| (ഇ) | EMS- സ്റ്റേഡിയവുമായി ബന്ധപ്പെട്ട ബൈലോയിലെ 9-ാം ഖണ്ഡികയിൽ കരാർ വയ്ക്കുന്നതിന് മുദ്രപത്രം സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; മുറിയുടെ കരാർ വയ്ക്കുന്നതിനായി നഗരസഭ എത്ര തുകയുടെ പത്രമാണ് | (ഇ) | EMS- സ്റ്റേഡിയവുമായി ബന്ധപ്പെട്ട ബൈലോയിലെ 9-ാം ഖണ്ഡികയിൽ കരാർ വയ്ക്കുന്നതിന് മുദ്രപത്രം സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുണ്ട്. മറ്റു വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | സംഘത്തിനോട് ആവശ്യപ്പെട്ടത്; ഇത് എന്ന് കൂടിയ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത കൗൺസിൽ തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ; | | |
| (എഫ്) | വാടക അഡ്വാൻസ് അടച്ചവരിൽ നിന്നും, വൈദ്യുതിയടക്കമുള്ള പശ്ചാത്തല സൗകര്യങ്ങൾ നൽകാതെയും കരാർ വെയ്ക്കുന്നത് സംബന്ധിച്ച പരാതി പരിഹരിക്കാതെയും വാടക ഈടാക്കാൻ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആ തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ; | (എഫ്) | കൗൺസിൽ അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല. |
| (ജി) | കരാർ വെയ്ക്കുന്നത് സംബന്ധിച്ചുണ്ടായ പരാതി പരിഹരിക്കണമെന്ന് കാണിച്ച് പ്രസ്തുത സംഹകരണ സംഘം നഗരസഭാ കൗൺസിലിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്റ്റേഡിയത്തിലെ മുറി നൽകിയതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിച്ച് ഇത് സംബന്ധിച്ച പരാതികൾ അനുഭാവപൂർവ്വം പരിഗണിച്ചും സുതാര്യമായ നിലയിൽ പ്രശ്നം പരിഹരിക്കുന്നതിനും സർക്കാർ നഗരസഭയോട് ആവശ്യപ്പെടുമോയെന്നറിയിക്കുമോ? | (ജി) | ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ